# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 740** **29.09.2016-ൽ മറുപടിക്ക്**

## പേരുച്ചാൽ പാലം നിർമ്മാണം

| ചോദ്യം<br>**ശ്രീ. രാജു എബ്രഹാം** | മറുപടി<br>**ശ്രീ. ജി. സുധാകരൻ**<br>**പൊതുമരാമത്തും രജിസ്ട്രേഷനും**<br>**വകുപ്പ് മന്ത്രി** |
|---|---|
| (എ) പേരുച്ചാൽ പാലംനിർമ്മാണം എന്നു പൂർത്തിയാക്കി പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാനാവുമെന്ന് അറിയിക്കാമോ; ഇപ്പോൾ പാലത്തിന്റെ എന്തൊക്കെ പ്രവൃത്തികളാണ് നടക്കുന്നത്; ഇനിയും എന്തൊക്കെ പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ട് എന്ന് വിശദമാക്കാമോ; | (എ) പേരുച്ചാൽ പാലത്തിന്റെ പ്രവൃത്തി 08.01.2017-ന് പൂർത്തിയാക്കി പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 1st പിയർ ലൊക്കേഷൻ ഒഴികെയുള്ളതിന്റെ ഫൗണ്ടേഷനും സബ് സ്ട്രക്ച്ചറും പൂർത്തിയായിട്ടുണ്ട്. സൂപ്പർ സ്ട്രക്ച്ചറിന്റെ പണികൾ നടന്നുകൊണ്ടിരിക്കുന്നു. 1st പിയർ ലൊക്കേഷന്റെ ഫൗണ്ടേഷൻ, സബ് സ്ട്രക്ച്ചർ, സൂപ്പർ സ്ട്രക്ച്ചർ എന്നീ പണികൾ പൂർത്തിയാക്കാനുണ്ട്. |
| (ബി) പേരുച്ചാൽ പാലം എന്നാണ് നിർമ്മാണം ആരംഭിച്ചത്; നിർമ്മാണം മുടങ്ങാനുണ്ടായ കാരണം എന്താണെന്നും ഇപ്പോൾ പാലം നിർമ്മാണത്തിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോയെന്നും വ്യക്തമാക്കുമോ; | (ബി) 07.08.2012 ൽ ആണ് പണികൾ ആരംഭിച്ചത്. മോശമായ കാലാവസ്ഥമൂലവും മണിയാർഡാം തുറക്കുമ്പോഴുള്ള വെള്ളപ്പൊക്കംകാരണവും നിർമ്മാണത്തിന് തടസ്സം നേരിട്ടിട്ടുണ്ട്. എന്നാൽ ഇപ്പോൾ പണികൾ പുരോഗമിക്കുന്നു. |
| (സി) പാലത്തിന്റെ നിർമ്മാണച്ചെലവ് എത്ര രൂപയാണ്; അപ്രോച്ച് റോഡ് നിർമ്മാണം ഇതിൽ ഉൾപ്പെട്ടുത്തിയിട്ടുണ്ടോ;വിശദമാക്കുമോ? | (സി) 6 കോടി രൂപയ്ക്കാണ് സാങ്കേതിക അനുമതി ലഭിച്ചിട്ടുള്ളത്. ഫണ്ട് അപര്യാപ്തത മൂലം അപ്രോച്ച് റോഡ് നിർമ്മാണം ഇതിൽ ഉൾപ്പെട്ടുത്തിയിട്ടില്ല. ഫണ്ട് വരുന്ന മുറയ്ക്ക് ഏറ്റെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ